# മാർപാപ്പായുടെ മാധ്യമദിനസന്ദേശം-2016
## (ജൂൺ 5, ഞായർ 2016)

### 50-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### സാമൂഹികസമ്പർക്കവും കരുണയും: സഫലമായ ഒരു നേർക്കാഴ്ച

പ്രിയ സോദരരേ,

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹികസമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷാത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോടു ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്; അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്നനിലയിൽ നാം പറയുന്നതും ചെയ്യുന്നതും - നമ്മുടെ ഓരോ വാക്കും ചലനവും - ദൈവത്തിന്റെ കരുണയെയും ആർദ്രതയെയും ക്ഷമിക്കുന്ന സ്നേഹത്തെയും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്; സമ്പർക്കവും വിനിമയവുമാണ്. അതു തുറവിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്നനിലയിൽ എല്ലാവരും പരസ്പരസമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്. ആരും ഈ ദൗത്യത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാനും ഹൃദയങ്ങളെ സ്പർശിക്കുവാനും ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ അവയെ നിലനിർത്താനും ഉദ്ദേശിച്ചുകൊ

ണ്ടുള്ളതാണ് സഭയുടെ ഓരോ വാക്കും പ്രവൃത്തിയും. ജീവിതത്തിന്റെ സമ്പൂർണത എല്ലാവർക്കും നല്കാനാണ് പിതാവ് തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്കയച്ചത്. യേശു ലോകം മുഴുവൻ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യണമെങ്കിൽ നമ്മൾതന്നെ സഭാമാതാവിന്റെ ഊഷ്മളസ്നേഹത്തെ ഉൾക്കൊള്ളുകയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം. സ്നേഹത്തിന്റെ ഈ ചൂടാണ് വിശ്വാസത്തിന്റെ വചനത്തിന് ആത്മാവു നല്കുന്നത്. നമ്മുടെ പ്രഘോഷണവും സാക്ഷ്യവും അവർക്കു ജീവൻ നല്കുന്ന ആ അഗ്നിസ്ഫുലിംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്നു.

**ബന്ധങ്ങളുടെ നിർമ്മിതി സാമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെ**

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് സാമൂഹികസമ്പർക്കമാധ്യമങ്ങൾ. ഭാവാത്മകമായ ഒരു കണ്ടുമുട്ടലിനെയും ഉൾക്കൊള്ളലിനെയും അതു ശാക്തീകരിക്കുന്നു. അങ്ങനെ സമൂഹത്തെ മുഴുവൻ ധന്യമാക്കുന്നു. ജനം തങ്ങളുടെ വാക്കുകളും പ്രവൃത്തികളും കരുതലോടെ തെരഞ്ഞെടുക്കുകയും, തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ പരിശ്രമിക്കുകയും മുറിവേറ്റ ഓർമ്മകൾ സൗഖ്യപ്പെടുത്തുകയും സമാധാനവും ഐക്യവും ചാലിച്ചെടുക്കുകയും ചെയ്യുന്നത് എത്രയോ സുഭഗവും സുന്ദരവുമാണ്! വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും. സാമൂഹികസഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർത്ഥികലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമവൃത്തങ്ങളിൽനിന്നു സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നും വ്യക്തികളും രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. ശപ്തമായ പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയും ഐക്യവും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം. തിന്മയെ വിട്ടുവീഴ്ചയില്ലാതെ അപലപിക്കേണ്ടിവരുമ്പോഴും ബന്ധങ്ങളും സമ്പർക്കങ്ങളും വിണ്ടുകീറാൻ പാടില്ല.

**സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതം**

ബന്ധങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും പുനഃസ്ഥാപിക്കാനുള്ള കരുണയുടെ കരുത്തിനെ ഇനിയും കണ്ടെത്താൻ ലോകത്തിലെ എല്ലാ സുമനസ്സുകളോടും ഞാൻ ആഹ്വാനംചെയ്യുന്നു. പ്രാചീന കാലമുറിവുകളും ആഞ്ഞിത്തൂങ്ങിനില്ക്കുന്ന അനിഷ്ടങ്ങളും

എങ്ങനെയാണ് വ്യക്തികളെ കെണിയിലാക്കുന്നതെന്നും, പരസ്പരവിനിമയത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്നും നമുക്കറിയാം. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. എന്നാൽ ഏതു പരിത:സ്ഥിതിയിലും പുതിയ ഭാഷയും ഭാഷണരീതിയും സൃഷ്ടിച്ചെടുക്കാൻ കരുണയ്ക്കു കഴിയും. "വെനീസിലെ കച്ചവടക്കാരൻ" എന്ന നാടകത്തിൽ ഷേക്സ്പിയർ എത്രയോ വചോവിലാസത്തോടെ ഇതു പറഞ്ഞിരിക്കുന്നു: "കരുണയുടെ കരുത്ത് അഭംഗുരമാണ്. ആകാശത്തുനിന്ന് ഭൂമിയിൽ നിപതിക്കുന്ന മൃദുലമായ മഴപോലെയാണത്. രണ്ടുവിധത്തിലും അത് അനുഗൃഹീതമാണ്. കൊടുക്കുന്നവനെയും സ്വീകരിക്കുന്നവനെയും ഒരുപോലെ അതനുഗ്രഹിക്കുന്നു". (Merchant of Venice Act IV, Scene 1).

നമ്മുടെ രാഷ്ട്രീയ, നയതന്ത്രഭാഷകൾ കരുണയാൽ പ്രചോദിതമായിരുന്നെങ്കിൽ, കൂടുതൽ നന്നായേനെ. കാരണം, കരുണയുടെ ഭാഷ പ്രതീക്ഷ കൈവെടിയുന്നതല്ല. സ്ഥാപനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരികളോടും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു: "വഴിമാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ചും, തെറ്റുകൾ വരുത്തിയിട്ടുള്ളവരെക്കുറിച്ചും നിങ്ങൾ സംസാരിക്കുമ്പോൾ, അതീവ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവിൻ". സംശയത്തിന്റെയും ഭയത്തിന്റെയും വെറുപ്പിന്റെയും ജ്വാലകൾ ആളിക്കത്തിക്കുന്ന സാഹചര്യങ്ങളെ ചൂഷണംചെയ്യാനുള്ള പ്രലോഭനത്തിനു വശംവദരാകാൻ എളുപ്പമാണ്. എന്നാൽ അനുരഞ്ജനത്തിന്റെ പാതയിൽ ജനതയെ നയിക്കുവാൻ ധീരത വേണം. സൂക്ഷ്മമായി ചിന്തിച്ചാൽ അത്തരം ഭാവാത്മകവും സർഗാത്മകവുമായ ധീരതയാണ് പോയകാല സംഘർഷങ്ങൾക്ക് പരിഹാരവും സ്ഥായിയായ സമാധാനം സ്ഥാപിക്കാനുള്ള അവസരവും പ്രദാനംചെയ്യുന്നത്. "സമാധാന സംസ്ഥാപകർ അനുഗൃഹീതരാകുന്നു, എന്തെന്നാൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും" (മത്താ 5,7–9).

### അജപാലകവീഥിയിലെ കാരുണ്യസ്പർശം

അജപാലകരെന്ന നിലയിൽ നമ്മുടെ ആശയവിനിമയരീതികളും ശുശ്രൂഷകളും അഹന്തനിറഞ്ഞതാകരുത്, ശത്രുവിന്റെമേൽ വിജയംനേടിയ മേലാളസ്വഭാവം നിറഞ്ഞതും ആകരുത് എന്നാണെന്റെ ആഗ്രഹം. അതേസമയം, നഷ്ടപ്പെട്ടവരെന്നും അവഗണിക്കപ്പെട്ടവരെന്നും ലോകം കണക്കാക്കുന്നവരെ തീരെ വിലകുറഞ്ഞവരായി നാം കരുതരുത്. കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്: ജീവിതത്തിന്റെ കഷ്ടപ്പാടുകളെ മയപ്പെടുത്താൻ

അതു സഹായിക്കുന്നു. തണുത്തുറഞ്ഞ നിയമവിധികളുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് ഊഷ്മളമായ ഉത്സാഹം നല്കാനും അതിനു കഴിവുണ്ട്. നമ്മുടെ വിനിമയരീതികൾ, പാപികളെയും നീതിമാന്മാരെയും വേർതിരിച്ചെടുക്കുന്ന നമ്മുടെ മനോഘടനയുടേതാണ്. അതിനെ നാം മറികടക്കേണ്ടിയിരിക്കുന്നു. പാപസാഹചര്യങ്ങളെ – ഹിംസ, അഴിമതി, ചൂഷണം – നാം പ്രത്യേകം വിലയിരുത്തണം. വ്യക്തികളെ നാം വിധിക്കരുത്. ദൈവത്തിനുമാത്രമേ അവരുടെ ഹൃദയത്തിന്റെ അഗാധതകളെ കാണാനാവൂ. തെറ്റുചെയ്യുന്നവരെ ശാസിക്കണം; ചില പ്രത്യേകരീതികളിൽ പ്രവർത്തിക്കുന്ന അനീതികളെയും തിന്മയെയും അപലപിക്കണം. പതിതരെ ഉയർത്താനും ഇരകളെ മോചിപ്പിക്കാനും വേണ്ടിയാവണം അത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8,32). സത്യം എന്നതു ആത്യന്തികമായി ക്രിസ്തുതന്നെയാണ്. സത്യത്തെ പ്രഘോഷിക്കുകയും അനീതിയെ അപലപിക്കുകയും ചെയ്യുന്ന നമ്മുടെ രീതികളെ വിലയിരുത്താനുള്ള അളവുകോലാണ് അവിടത്തെ ആർദ്രമായ കാരുണ്യം. സ്നേഹത്തോടെ സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം (എഫേ 4,15). ശാന്തതയിലും കരുണയിലും ചാലിച്ച സ്നേഹത്തോടെ മൊഴിയുന്ന വചസ്സുകൾക്കേ പാപപങ്കില ഹൃദയങ്ങളെ സ്പർശിക്കാനാവൂ. പരുഷവും ഉപദേശമാത്രവുമായ വാക്കുകളും പ്രവൃത്തികളും അവരെ കൂടുതൽ അകറ്റുകയും, സ്വാതന്ത്ര്യത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനുപകരം അവരിൽ തിരസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവം ദൃഢീകരിക്കുകയും ചെയ്യും.

**കുടുംബ ബന്ധങ്ങളിലെ കാരുണ്യക്കൂട്**

കാരുണ്യാധിഷ്ഠിതമായ സാമൂഹികദർശനം അത്യധികം ആദർശാത്മകമോ, അതിരില്ലാത്തവിധം ദയാമയമോ എന്നു സംശയിക്കുന്നുണ്ട് ചിലർ. എന്നാൽ സ്വന്തം കുടുംബബന്ധങ്ങളിലെ പ്രാഥമികാനുഭവം എന്താണെന്ന് ഓർത്തുനോക്കുക. നമ്മുടെ മാതാപിതാക്കൾ നമ്മുടെ കഴിവുകളും നേട്ടങ്ങളും നോക്കിയാണോ നമ്മെ സ്നേഹിച്ചതും വിലമതിച്ചതും? അവർ സ്വാഭാവികമായും മക്കളുടെ നന്മമാത്രമേ കാംക്ഷിച്ചുള്ളൂ. പക്ഷേ, അവരുടെ സ്നേഹം ഒരു വ്യവസ്ഥയുടെയും അടിസ്ഥാനത്തിലായിരുന്നില്ല. നമ്മുടെ വീട് എപ്പോഴും നമ്മെ സ്വാഗതംചെയ്യുന്നിടമാണ് (Cf. Lk: 15,13–32), അപരിചിതർ കണ്ടുമുട്ടുകയും മത്സരിക്കുകയും ഒന്നാം സ്ഥാനത്തെ

ത്താൻ വെമ്പുകയും ചെയ്യുന്ന വേദിയല്ല. അതൊരു കുടുംബമാണ്; ഏതു സമയത്തും കയറിച്ചെല്ലാവുന്ന, തുറന്ന വാതിലുകളുള്ള ഒരു വീട്. അങ്ങനെയൊരു സമൂഹസങ്കല്പം ഏവരിലും വളരണമെന്നാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമാവണമെങ്കിൽ നാം മറ്റുള്ളവരെ ശ്രവിക്കുന്നവരാകണം. ആശയവിനിമയം എന്നത് പങ്കുവയ്ക്കലാണ്. പങ്കുവയ്ക്കലാകട്ടെ, ശ്രവണവും (Listening) സ്വീകരണവുമാണ്. ശ്രവണം വെറുതെ കാതുകൊടുക്കലല്ല. കേൾക്കുക എന്നത് അറിവു സ്വീകരിക്കൽ മാത്രമാണ്; അതേസമയം ശ്രവണമാകട്ടെ, പരസ്പരബന്ധമാണ്; ഇഴയടുപ്പം ആവശ്യപ്പെടുന്നതുമാണ്. ശ്രവണം നേരായ മാർഗം കാണാൻ സഹായിക്കുന്നു. വെറും നിർജീവരായ കാഴ്ചക്കാരോ ഉപയോക്താക്കളോ ആകാൻ അനുവദിക്കുകയുമില്ല. ശ്രവണം ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പങ്കുവയ്ക്കലാണ്; പരസ്പരം ഓരം ചേർന്ന യാത്രയാണ്. സമ്പൂർണാധികാരത്തിന്റെ അവകാശവാദങ്ങളെ അതു പുറംതള്ളുന്നു; നമ്മുടെ ദാനങ്ങളെയും സിദ്ധികളെയും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്ന ശുശ്രൂഷയാക്കി മാറ്റുന്നു.

ശ്രവണം സുഗമമല്ല; കേൾക്കുന്നില്ലെന്നു നടിക്കാൻ എളുപ്പമാണ്. ശ്രവണം ശ്രദ്ധയും ധാരണയുമാണ്, വിലമതിക്കലും ബഹുമാനിക്കലുമാണ്. അപരന്റെ വാക്കുകളെക്കുറിച്ചുള്ള ധ്യാനമാണ്. അത് രക്തസാക്ഷിത്വം അഥവാ ആത്മബലി ആവശ്യപ്പെടുന്നു. കത്തുന്ന മുൾപ്പടർപ്പിനു മുന്നിൽ നില്ക്കുന്ന മോശയെ അനുകരിക്കാൻ ശ്രമിക്കലാണത്. അതിവിശുദ്ധസ്ഥലത്തു നില്ക്കുന്ന നാം ചെരിപ്പുകൾ അഴിച്ചുമാറ്റേണ്ടതുണ്ട്. പുറ 3:5-ൽ പറയുന്നു: "എന്നോടു സംസാരിക്കുന്നവനുമായുളുള നേർക്കാഴ്ചയാണ് (cg: പുറ 3:5) ശ്രവണം". ശ്രവിക്കാൻ കഴിയുക എന്നത് അളവില്ലാത്ത കൃപയാണ്. നാം ചോദിച്ചുവാങ്ങേണ്ട ദാനമാണത്; അവശ്യമായും ചോദിച്ചു വാങ്ങേണ്ട ഒന്ന്.

**നവമാധ്യമങ്ങളുടെ അനന്തസാധ്യതകൾ**

ഈ-മെയിൽ സന്ദേശങ്ങൾ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, അവയുടെ വിപുലശൃംഖല, അനൗപചാരികമായ സംഭാഷണങ്ങൾ - എല്ലാം ആശയവിനിമയത്തിന്റെ ആധുനികരൂപങ്ങളാണ്. സാങ്കേതികശാസ്ത്രമല്ല വിനിമയത്തിന്റെയും ബന്ധങ്ങളുടെയും ആധികാരികത നിർണയിക്കേണ്ടത്, മറിച്ച് മനുഷ്യഹൃദയവും മുന്നിലെ മാർഗങ്ങളെ വിവേകപൂർവം ഉപയോഗപ്പെടുത്താനുള്ള കഴിവുമാണ്. സാമൂഹിക മാധ്യമങ്ങൾ പരസ്പരബന്ധ

ങ്ങളെ സുഗമമാക്കാനും പോഷിപ്പിക്കാനും സഹായിക്കുന്നു. അതേസമയം, ജാഗ്രതപുലർത്തിയില്ലെങ്കിൽ കൂടുതൽ ധ്രുവീകരണത്തിനും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള വിഭജനത്തിനും അതു കാരണമാകാം. ഡിജിറ്റൽ ലോകം ഒരു മഹാചത്വരമാണ് – ഒരു സംഗമഭൂമി. ഒന്നുകിൽ പരസ്പരം അംഗീകരിക്കാം പ്രോത്സാഹിപ്പിക്കാം, അല്ലെങ്കിൽ പരസ്പരം അപമാനിക്കാം. ഒന്നുകിൽ അർത്ഥപൂർണമായ സംവാദങ്ങളിൽ ഏർപ്പെടാം, അല്ലെങ്കിൽ അന്യായമായ ആക്രമണത്തിൽ മുഴുകാം. കാരുണ്യത്തിൽ ജീവിച്ചുകൊണ്ട് ഈ ജൂബിലിവർഷം കൂടുതൽ തീക്ഷ്ണമായ സംവാദത്തിനു വാതിൽ തുറക്കട്ടെ. അതുവഴി കൂടുതൽ അറിയാം; മനസ്സിലാക്കാം; സംവൃത മനസ്സുകളെ കൂടുതൽ ഉദാരമാക്കാം. ഏതുതരത്തിലുള്ള (അടഞ്ഞ) വിവേചനത്തെയും ഹിംസയെയും വിദൂരതയിലേക്കു മാറ്റിനിർത്താം.

ഇന്റർനെറ്റ് നമ്മെ കൂടുതൽ നല്ല വിശ്വപൗരന്മാരാക്കട്ടെ, ഡിജിറ്റൽ വലയം അയൽക്കാരനോടുള്ള ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിക്കുന്നു: നാം അവനെ കാണുന്നില്ല, എന്നാൽ അവൻ ഒരു യാഥാർത്ഥ്യമാണ്. ബഹുമാനിക്കപ്പെടേണ്ട അന്തസ്സ് അവനുണ്ട്. വിവേകപൂർവം ഇന്റർനെറ്റുപയോഗിക്കുക. അങ്ങനെ ആരോഗ്യകരവും പങ്കുവയ്ക്കുന്നതിൽ ഉദാരവുമായ ഒരു സമൂഹത്തെ പടുത്തുയർത്തുക.

**ഉപസംഹാരം**

ആശയവിനിമയബന്ധങ്ങൾ എവിടെയും എങ്ങനെയും പുതിയ ചക്രവാളങ്ങൾ മനുഷ്യർക്കായി തുറക്കുന്നു. അത് ദൈവത്തിന്റെ ദാനമാണ്. അതിനാൽത്തന്നെ വലിയ ഉത്തരവാദിത്വം അതുൾക്കൊള്ളുന്നു. "സാമീപ്യം" (Closeness) എന്നതിനെ വിളിക്കാനാണെനിക്കിഷ്ടം . ആശയവിനിമയബന്ധങ്ങളും കരുണയും തമ്മിലുള്ള നേർക്കാഴ്ച (Encounter) സഫലമാകണമെങ്കിൽ, കരുതലിന്റെയും സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും "ഇഴയടുപ്പം" അതു സൃഷ്ടിക്കണം. തകർന്നതും ശകലിതവും ധ്രുവീകൃതവുമായ ലോകത്തിൽ കരുണയോടെ സാമൂഹികസമ്പർക്കവും ബന്ധവും പ്രായോഗികമാക്കണമെന്നതിന്റെ അർത്ഥം ആരോഗ്യകരവും സ്വതന്ത്രവും, ഭ്രാതൃസഹജവുമായ ഇഴയടുപ്പം മനുഷ്യമഹാകുടുംബത്തിലെ (സഹോദരസഹജ) സഹോദരീസഹോദരന്മാരും ദൈവത്തിന്റെ മക്കളും തമ്മിൽ സൃഷ്ടിക്കാൻ സഹായിക്കണമെന്നതാണ്.

**+ ഫ്രാൻസിസ് പാപ്പാ**

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കേരള കത്തോലിക്കാസഭയിൽ ആത്മീയ നവീകരണരംഗത്ത് കഴിഞ്ഞ 25 വർഷമായി പ്രവർത്തിച്ചു പോരുന്ന ഒരു പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ പ്രസ്ഥാനം ശ്രീ ടോം സഖറിയായുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ സൂര്യനെല്ലിയിൽ ആരംഭിച്ച് ക്രമേണ മറ്റു രൂപതകളിലേക്കും സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. കത്തോലിക്കർക്കു പുറമേ ഇതരസഭാംഗങ്ങളും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്. ഇപ്പോൾ ഒരു സഭയുടെയും പ്രത്യേക നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതും അല്മായർ നേതൃത്വം കൊടുക്കുന്നതുമാണ് ഈ പ്രസ്ഥാനം. ഇവർ പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസവിഷയങ്ങളിൽ വി. ഗ്രന്ഥത്തിനും, സഭാപ്രബോധനങ്ങൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത ചില പ്രബോധനങ്ങൾ വച്ചുപുലർത്തുന്നുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസ്ഥാനത്തിന്റെ ജിഹ്വയായ "ഇതാ നിന്റെ അമ്മ" എന്ന മാസികയിലൂടെയും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ്. സ്വകാര്യവെളിപാടുകൾക്കാണ് സഭയുടെ ഔദ്യോഗികപ്രബോധനങ്ങളെക്കാൾ കൂടുതൽ പ്രധാന്യം നല്കുന്നത്.

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ അബദ്ധജടിലമായ ചില ഉപദേശങ്ങൾവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നത് കേരളമെത്രാൻ സമിതി അതീവഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പലരും വിശ്വാസവൈപരീത്യങ്ങളിൽ ചെന്നു പതിക്കാനിടയുള്ളതുകൊണ്ട് വിശ്വാസികൾക്ക് മുന്നറിയിപ്പു നല്കേണ്ടത് ഇടയന്മാർ എന്ന നിലയിൽ ഞങ്ങളുടെ കടമയാണ്. മരണാനന്തരജീവിതം, ഇതര മതങ്ങളോടും സാംസ്കാരികാനുരൂപണങ്ങളോടുമുള്ള സമീപനം, വേദപുസ്തക വ്യാഖ്യാനം എന്നിവ സംബന്ധിച്ചാണ് കൂടുതൽ അബദ്ധോപദേശങ്ങളും. അതിനാൽ ഇത്തരം വിഷയങ്ങളിൽ സഭയുടെ നിലപാടു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**1. തനതുവിധി**

തനതുവിധിയില്ല, പൊതുവിധി മാത്രമേയുള്ളൂവെന്നാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്. അതിനാൽ നരകത്തിൽ പോയവർക്കും നിത്യ വിധിയുടെ സന്ദർഭം വരെ മാനസാന്തരത്തിന് സമയമുണ്ടെന്ന് അവർ പ്രബോധിപ്പിക്കുന്നു. എന്നാൽ കത്തോലിക്കാസഭയുടെ പ്രബോധനം ഇതാണ്: "ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരിക്കുന്ന തിനോ തിരസ്കരിക്കുന്നതിനോ സാദ്ധ്യമായ സമയം എന്ന നിലയിലുള്ള മനുഷ്യജീവിതത്തിന് മരണം അന്ത്യം കുറിക്കുന്നു" (CCC 1021).

ഒരാൾ മരിച്ചാൽ ഉടൻതന്നെ സ്വർക്ഷത്തിനോ, നരകത്തിനോ, ശുദ്ധീ കരണ സ്ഥലത്തിനോ അർഹനായിത്തീരുമെന്നാണ് കത്തോലിക്കാസഭ പഠി പ്പിക്കുന്നത്. "ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽതന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു: ഒരു ശുദ്ധീകരണപ്രക്രി യയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം" (CCC 1022).

**2. നരകം നിത്യമല്ല?**

പൊതുവിധിവരെ നരകം നിത്യമല്ല; മാനസാഭന്തരത്തിനും ദൈവ കൃപയിലേക്ക് തിരികെ വരുന്നതിനും അവസരമുണ്ട് എന്നിങ്ങനെ സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നുണ്ട്.

കത്തോലിക്കാസഭയുടെ പ്രബോധനം വളരെ വ്യക്തമാണ്: "മന സ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം സ്വീകരിക്കാതെ മാര കപാപത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ സ്വതന്ത്രമായ തീരു മാനപ്രകാരം എന്നേക്കുമായി ദൈവത്തിൽനിന്ന് വേർപെട്ടുനില്ക്കുക എന്ന താണ്. ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗത്തിൽ നിന്ന് സുനിശ്ചിതമായി നമ്മെ വേർപെടുത്തി നിറുത്തുന്ന അവസ്ഥയെ 'നരകം' എന്നു വിളിക്കുന്നു" (CCC 1033).

നരകത്തെ പല സംജ്ഞകൾകൊണ്ടാണ് വി. ഗ്രന്ഥം വിവക്ഷിക്കുക. "നിത്യാഗ്നി" (മത്താ 25:41), "നിത്യശിക്ഷ" (മത്താ 25:46), "ലജ്ജയും നിത്യനിന്ദയും" (ദാനി 12:2), "അഗ്നിജ്ജ്വാലയും യാതനയും" (ലൂക്കാ 16:23-

24), “നിത്യനാശം” (2 തെസ്സ 1:9), “ഒരിക്കലും അവസാനിക്കാത്ത പീഡനം” (വെളി 14:11), “എരിഞ്ഞുകൊണ്ടിരിക്കുന്ന ഗന്ധകത്തടാകം” (വെളി 20:10) എന്നിവയെല്ലാം നിത്യനരകത്തിന്റെ പ്രതീകങ്ങളാണ്. ബുദ്ധിഹീനകളായ കന്യകകൾക്കും (മത്താ 25:11-13) നിരുത്തരവാദിത്വപരമായി പെരുമാറിയ ഭൃത്യനും (മത്താ 24:51) വിവാഹവസ്ത്രം ധരിക്കാതെ വിരുന്നുശാലയിൽ പ്രവേശിച്ചവനും (മത്താ 22:13) വേറൊരവസരം കിട്ടിയില്ല എന്നോർക്കേണ്ടതുണ്ട്.

ലാസറിന്റെയും ധനവാന്റെയും ഉപമയിൽ, ധനവാന്റെ യാചനയ്ക്ക് അബ്രഹാം നല്കുന്ന ഉത്തരവും പ്രസക്തമാണ്: “ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരഗാധമായ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്ന് ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല.” (ലൂക്ക 16:26)

**3. നരകവും പാതാളവും തമ്മിലുള്ള അന്തരം**

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ നരകത്തെയും പാതാളത്തെയും സമമായി കാണുന്നതുകൊണ്ടാണ് “യേശു മരിച്ച് പാതാളത്തിലിറങ്ങി” എന്ന പ്രയോഗത്തെ അടിസ്ഥാനമാക്കി യേശു നരകം സന്ദർശിച്ചു എന്നു വാദിക്കുന്നത്. ആദ്യ നൂറ്റാണ്ടുകളിൽ ചെറുതും വലുതുമായ പല വിശ്വാസപ്രമാണങ്ങളും രൂപപ്പെട്ടു. “അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണം,” അല്ലെങ്കിൽ “ജ്ഞാനസ്നാന വിശ്വാസ പ്രമാണം” (Baptismal Creed) എന്നറിയപ്പെടുന്ന വിശ്വാസപ്രമാണത്തിലാണ് ഈ പ്രയോഗം കാണുന്നത്. എന്നാൽ, നിഖ്യാവിശ്വാസപ്രമാണത്തിൽ ഈ പ്രയോഗം കാണുന്നില്ലായെന്നുള്ളതും സ്മർത്തവ്യമാണ്.

ഹീബ്രുഭാഷയിൽ ‘ഷെയോൾ’ എന്നും ഗ്രീക്ക് ഭാഷയിൽ ‘ഹാദെസ്’ എന്നുമുള്ള സംജ്ഞകളാണ് പാതാളത്തെ വിവക്ഷിക്കുവാൻ ഉപയോഗിക്കുന്നത്. ഭൂമിക്കടിയിലുള്ള അന്ധകാരാവൃതവും ശൂന്യവുമായ ഒരു സ്ഥലമായി പാതാളത്തെ ഇസ്രായേൽ ചരിത്രത്തിന്റെ പ്രാരംഭദശയിൽ കരുതിയിരുന്നു (ജോബ് 10:21-22). എന്നാൽ, പില്ക്കാലത്ത് ഗ്രീക്കുചിന്താധാരകളുമായുള്ള പാരസ്പര്യം വഴി, നന്മചെയ്തവർക്കും തിന്മ പ്രവർത്തിച്ചവർക്കും ഒരേ ഫലമാണ് ലഭിക്കുന്നതെങ്കിൽ, അതു ദൈവനീതിക്ക് നിര

ക്കാത്തതാണെന്ന നവീനചിന്ത ഉദ്ഭവിച്ചു. ബി.സി രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും; ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും. ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭ പോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും" (ദാനി 12:2-3). മരിച്ച നീതിമാന്മാരുടെ സ്ഥിതി ജീവനോ സന്തോഷമോ ദൈവസ്തുതിപ്പോ ഇല്ലാത്ത ഇരുട്ടറയിൽ (സങ്കീ 88:5-12) അല്ല, പ്രത്യുത ഭൂമിയിൽ നന്മ പ്രവർത്തിച്ചവർ "അബ്രഹാമിന്റെ മടിത്തട്ടിൽ വിശ്രമിക്കുന്നു" എന്ന ആശയത്തിലേക്ക് പുതിയനിയമകാലത്ത് വളർച്ച ഉണ്ടായി (ലൂക്കാ 16:22-23). നിത്യനരകത്തെ സൂചിപ്പിക്കുവാൻ 'ഗേഹന്നാ' എന്ന പദമാണ് ഉപയോഗിച്ചിരുന്നത് (സീയോന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള അഗാധമായ ഒരു താഴ്‌വരയാണ് 'ഗഹിന്നോം'). യേശു പാതാളത്തിൽ ഇറങ്ങി എന്ന പ്രയോഗം കൊണ്ട് നാം അർത്ഥമാക്കേണ്ടത് യേശു യഥാർത്ഥത്തിൽ മരിച്ചുവെന്നാണ്, അല്ലാതെ യേശു നരകം സന്ദർശിച്ചുവെന്നല്ല.

**4. നരകത്തിൽ സുവിശേഷഘോഷണമോ?**

1 പത്രോ 3:18-20-നെ അധികരിച്ചാണ് യേശുമരണശേഷം ആത്മാവിൽ പാതാളത്തിലേക്കിറങ്ങിയെന്നും മരിച്ചവരോട് സുവിശേഷം അറിയിച്ച് ബന്ധിതരായിരുന്ന ആത്മാക്കളെ മോചിപ്പിച്ചെന്നും അതിനാൽ മരണശേഷവും മാനസാന്തരത്തിന് സാധ്യതയുണ്ടെന്നും സ്പിരിറ്റ് ഇൻ ജീസസ് വാദിക്കുന്നത്. "ആത്മാവോടുകൂടെ ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു." വീണ്ടും 1 പത്രോ 4:6 -ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "എന്തെന്നാൽ, ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് മരിച്ചവരോടുപോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്." ഈ വാക്യങ്ങൾ വേദവ്യാഖ്യാതാക്കൾക്കിടയിൽ വലിയ സംവാദങ്ങൾക്കു വഴിതെളിച്ചിട്ടുണ്ട്. സമീപകാലത്ത് വി.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ വാക്യങ്ങൾ സംബന്ധിച്ചു നല്കിയ വിശദീകരണം താഴെ കൊടുക്കുന്നു:

(i) "യേശു പാതാളത്തിലിറങ്ങി" എന്ന പ്രഖ്യാപനത്തിൽ അവൻ യഥാർത്ഥത്തിൽ മരിച്ചു എന്ന വിശ്വാസസത്യമാണ് പ്രഖ്യാപനം ചെയ്യുന്നത്. യേശു മരിച്ച് അടക്കപ്പെട്ടു എന്നത് യേശുവിന്റെ പൂർണ്ണ മനുഷ്യസ്വഭാവത്തെ വിശദമാക്കുന്നു; (ii) യേശുവിന്റെ കുരിശിലെ ബലിയിലൂടെ ലഭിച്ച വരപ്രസാദം യേശുവിന്റെ മരണത്തിനു മുമ്പ് മരണമടഞ്ഞ സകല നീതിമാന്മാർക്കും നീതിമതികൾക്കും ലഭിച്ചുവെന്നതിന്റെ പ്രതീകാത്മകമായ ആഖ്യാനമാണ് ഈ പ്രഖ്യാപനം; (iii) യേശു മരണശേഷം നിത്യശിക്ഷയുടെ സ്ഥലമായ നരകം സന്ദർശിക്കുകയോ, അവിടെ അകപ്പെട്ടുപോയ ആത്മാക്കളെ രക്ഷിക്കുകയോ ചെയ്തിട്ടില്ല (General Audience, 1989 Jan 11).

യേശു നരകം സന്ദർശിച്ചെന്നും നരകവാസികളെ രക്ഷിച്ചുവെന്നുമുള്ളത് കത്തോലിക്കാവിശ്വാസികൾക്ക് സ്വീകാര്യമല്ല. സഭാപാരമ്പര്യത്തിൽ യേശുവിന്റെ പാതാളത്തിലെ സുവിശേഷപ്രഘോഷണം ഉയർപ്പിന്റെ പ്രഖ്യാപനമായിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. ആ പ്രഖ്യാപനം ആദാമും ഹവ്വായും മുതൽ നിദ്രയടഞ്ഞിട്ടുള്ള എല്ലാ നീതിമാന്മാരെയും അവരുടെ നിദ്രയിൽ നിന്നുണർത്തി, യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും യോഗ്യതകളിൽ അവരെ പങ്കുകാരാക്കി. ഫിലി 2:9–11–ൽ നാം വായിക്കുന്നു: "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. അത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുമടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്."

പൗരസ്ത്യ സഭകളിൽ പ്രചാരത്തിലുള്ള യേശുവിന്റെ പാതാളസന്ദർശനം ചിത്രീകരിച്ചിരിക്കുന്ന ഐക്കണിന്റെ പേര് "Harrowing of Hades" (പാതാളത്തിന്റെ ഉഴുതുമറിക്കൽ) എന്നാണ്. ഇങ്ങനെ വി. ഗ്രന്ഥവും പാരമ്പര്യവും തറപ്പിച്ചു പറയുന്നുണ്ട്, യേശുവിന്റെ പാതാളസന്ദർശനം പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ദൈവികനീതിയുടെ ആത്യന്തിക വിജയവും നീതിമാന്മാർക്ക് ഉയിർപ്പും നിത്യജീവനും ഉറപ്പാക്കിയ സംഭവവുമാണെന്ന്. ഇതാണ് പാതാളത്തിലെ സുവിശേഷഘോഷണം എന്ന പ്രയോഗത്തിന്റെ പൊരുൾ.

### 5. പൂർവ്വപിതാക്കളുടെ പാപഫലം പിൻതലമുറയിലേക്ക്

നിത്യരക്ഷ കിട്ടാതെ യാതനയനുഭവിക്കുന്ന പൂർവ്വപിതാക്കളുടെ പാപഫലം അനന്തരതലമുറകളിലേക്ക് ശാപമായി ഒഴുകിയെത്തുന്നെന്നും അതിനാൽ അവർക്ക് ശാപമോക്ഷം ലഭിക്കാതെ ചില കുടുംബങ്ങളിലെ കഷ്ടനഷ്ടങ്ങളും മാറാരോഗങ്ങളും വിട്ടുമാറുകയില്ലെന്നും സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നു. പഴയനിയമത്തിലെ ചില മര്യാദകൾ തെറ്റായി വ്യഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഈ കാഴ്ചപ്പാട് എസക്കിയേൽ ദീർഘദർശിതന്നെ തിരുത്തിയിട്ടുണ്ട്: "പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു; മക്കളുടെ പല്ലു പുളിച്ചു എന്ന് ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്?" (എസെ 18:1-2). ദൈവത്തിന്റെ തിരുത്തൽ ഇപ്രകാരമായിരുന്നു: "പുത്രൻ പിതാവിന്റെ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ നീതിമാന്റെ പ്രതിഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും" (എസെ 1:20). വീണ്ടും, "ഇസ്രായേൽ ഭവനമേ, ഓരോരുത്തരെയും താന്താങ്ങളുടെ പ്രവൃത്തിക്കുനുസൃതമായി ഞാൻ വിധിക്കും" (എസെ 1:30) എന്നും പറഞ്ഞിരിക്കുന്നു.

പുതിയനിയമത്തിലും ഇതേ സത്യമാണ് യേശു പ്രഖ്യാപിച്ചത്: "മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്ത് വരാനിരിക്കുന്നു. അപ്പോൾ അവൻ ഒരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകും" (മത്താ 16:27; റോമാ 2:6). വെളിപാടുപുസ്തകം ഒരു വാഗ്ദാനത്തിലാണ് സമാപിക്കുന്നത്: "ഇതാ ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തപ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത്" (വെളി 22:12).

യേശുക്രിസ്തു പാപത്തിൽ നിന്നും (2 കോറി 5:21) ശാപത്തിൽ നിന്നും (ഗലാ 3,13) നമ്മെ മോചിപ്പിച്ചിരിക്കുന്നതിനാൽ പൂർവികരുടെ പാപവും ശാപവും നമുക്കു പ്രസക്തമല്ല. പൂർവപിതാക്കളുടെ പാപം പിൻതലമുറകളിലേക്കു പടരുന്നെന്നും ശാപമായി തുടരുന്നെന്നും പഠിപ്പിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരകർമത്തെ തള്ളിപ്പറയുന്നതിനു തുല്യമാണ്. അതി

നാൽ, യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടവരെ പൂർവ്വപിതാക്കന്മാരുടെ ചെയ്തികൾ ബാധിക്കില്ല.

**6. സാംസ്കാരികാനുരൂപണവും ഇതരമത ദൈവശാസ്ത്രവും**

സാംസ്കാരികാനുരൂപണം വഴി ദൈവരാജ്യം തകർക്കപ്പെടുമെന്നും അതിലൂടെ പൈശാചിക സ്വാധീനം വിശ്വാസികളിലേക്ക് കടന്നുവരുമെന്നുമാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ നിത്യമായ വചനം മാംസം ധരിച്ച് മനുഷ്യനായി പിറന്നു എന്നതും പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകളേററു മരിച്ചു എന്നതും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നതുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. വീണ്ടെടുക്കപ്പെട്ട സകല ജനപദങ്ങളെയും (ലൂക്കാ 1:68) തന്റെ മഹത്ത്വത്തിലേക്ക് ചേർക്കുന്നതിന് അവിടന്ന് വീണ്ടും വരും (യോഹ 14:3). എല്ലാ ജനപദങ്ങളും യേശുക്രിസ്തുവിലൂടെയുള്ള ദൈവികരക്ഷ പ്രാപിക്കണമെന്നതാണ് ദൈവേഷ്ടം (1 തിമോ 2:3-4). ഏതെങ്കിലും ഭാഷയോ സംസ്കാരമോ വംശമോ രക്ഷയിലേക്കുള്ള ഈ വിളിയിൽ നിന്ന് വിദൂരത്തല്ല. രക്ഷയുടെ സുവിശേഷം സ്വീകരിക്കുന്നതിന് ഏതെങ്കിലും പ്രത്യേകമായ ഒരു ദേശത്തിന്റെയോ ജനതയുടെയോ സംസ്കാരം സ്വീകരിക്കേണ്ടതുമില്ല. അതിനാൽ, സംസ്കാരികാനുരൂപണം വിശ്വാസ പ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണ്.

യേശുവിലൂടെയും യേശു സ്ഥാപിച്ച സഭയിലൂടെയും കൈവരുന്ന രക്ഷയെക്കുറിച്ച് സഭ പഠിപ്പിക്കുമ്പോൾ തന്നെ ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും ആദരപൂർവമാണ് സഭ വീക്ഷിക്കുന്നത്. അക്രൈസ്തവ മതങ്ങളോടുള്ള കത്തോലിക്കാസഭയുടെ സമീപനത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച പ്രമാണരേഖയിൽ ഇത് വ്യക്തമാക്കുന്നു: "ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനങ്ങളും. അവരുടെ ഉദ്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം, മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവമാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തികലക്ഷ്യവും ഒന്നു തന്നെ, ദൈവം. അവിടത്തെ പരിപാലനയും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം ദൈവമഹിമ

യാൽ പ്രദീപ്തമായ പരിശുദ്ധനഗരത്തിൽ സമ്മേളിക്കുന്നതുവരെ ഇതു തുടർന്നുകൊണ്ടേയിരിക്കും. അവിടെ സമസ്തജനതകളും ദൈവികപ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത്" (NA 1). 'തിരുസഭ'യെന്ന രേഖയിൽ ഇത് കുറച്ചുകൂടി വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: "സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോട് വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. ... സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടത്തെ പരിത്രാണ പദ്ധതിയിലുൾപ്പെടുന്നു... ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽ നിന്ന് അവിടുന്ന് വിദൂരത്തല്ല. കാരണം, എല്ലാവർക്കും ജീവനും പ്രചോദനവും എന്നു വേണ്ട സകലതും പ്രദാനം ചെയ്തിരിക്കുന്നത് അവിടുന്നാണ് (അപ്പ: 17/25-28). സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം (1 തിമോ 2:4). സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടത്തെ സഭയെയും അറിയാതിരിക്കുകയും, അതേ സമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മന:സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം" (LG 16). "ക്രിസ്തു മരിച്ചത് എല്ലാവർക്കും വേണ്ടിയാണ്... തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാദ്ധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായ രീതിയിൽ പവിത്രാത്മാവു നല്കുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു" (GS 22).

ഇതരമത ദൈവശാസ്ത്രചിന്തകളുടെ നല്ലവശങ്ങളെ അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സഭ വച്ചുപുലർത്തുന്നത്. "ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസ്സഭ തിരസ്കരിക്കുന്നില്ല. മറ്റ് മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പല തുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്' (NA.2). "വചനമാകുന്ന ബീജത്തിലൂ

ടെയും സുവിശേഷഘോഷണത്തിലൂടെയും എല്ലാ മനുഷ്യരെയും ക്രിസ്തുവിലേക്ക് വിളിക്കുകയും വിധേയത്വപൂർണ്ണമായ വിശ്വാസം അവരുടെ ഹൃദയങ്ങളിൽ ഉണർത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നാം മറക്കരുത്" (AG.15). "മനുഷ്യരുടെ ഹൃദയത്തിലും മനസ്സിലും എന്തെല്ലാം നന്മയുണ്ടോ, വിവിധ റീത്തുകളിലും ജനങ്ങളുടെ സംസ്കാരങ്ങളിലും എന്തെല്ലാം അഭിലഷണീയമായിട്ടുണ്ടോ, അതെല്ലാം അഭംഗുരം കാത്തുസൂക്ഷിക്കാൻ മാത്രമല്ല, അവ വളർത്തിയെടുക്കാനും അവയെ ന്യൂനതയറ്റതും ഉന്നതവും പരിപൂർണ്ണവുമാക്കാനുമാണ് സഭ പരിശ്രമിക്കുന്നത്" (LG.17).

ദൈവത്തെ അംഗീകരിക്കുകയും മതത്തിന്റെയും മനുഷ്യവർക്ഷത്തിന്റെയും അമൂല്യങ്ങളായ ഘടകങ്ങളെ തങ്ങളുടെ പാരമ്പര്യങ്ങളിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന എല്ലാവരുമായി തുറന്ന സംഭാഷണത്തിൽ ഏർപ്പെടാനും സഭ നമ്മെ ആഹ്വാനം ചെയ്യുന്നു (GS.92).

"ജനപദങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ ദൈവത്തിന്റെ രഹസ്യ സാന്നിദ്ധ്യമായി സഭ കാണുന്നു" (AG.9). അതോടൊപ്പം തങ്ങളുടെ ദേശീയവും മതപരവുമായ പാരമ്പര്യങ്ങളെ അടുത്തറിയാനും അവയിൽ മറഞ്ഞുകിടക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ സന്തോഷത്തോടും ആദരവോടും കൂടി ആരായാനും (AG.11) സഭ ആവശ്യപ്പെടുന്നുണ്ട്.

ഇതര മത ദൈവശാസ്ത്രങ്ങളോട് തുറന്ന സമീപനം സ്വീകരിച്ച സഭ ഇതിനെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായ രീതിയിൽ 1964-ൽ അക്രൈസ്തവ മതങ്ങൾക്കായി ഒരു കാര്യാലയം തന്നെ സ്ഥാപിച്ചുവെന്നതും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. ലോകമതങ്ങളുടെ പ്രഭവസ്ഥാനമായ ഏഷ്യയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഇതരമതങ്ങളുമായുള്ള ഭാവാത്മാകബന്ധത്തെ സഭ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത് (Ecclesia in Asia - 13). ഇതരമതങ്ങളോട് തുറവു പുലർത്തുകയും അവയുമായി സംവാദത്തിലേർപ്പെടുകയും ചെയ്യുന്നതുവഴി, ലോകരക്ഷകനായ ക്രിസ്തുവിനെയും ക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു നല്കപ്പെട്ടിരിക്കുന്ന രക്ഷയുടെ മാർഗത്തെയും പ്രഘോഷിക്കുന്നതിനു കടപ്പെട്ടവരാണ് നമ്മൾ.

# അമലഗിരി വാർത്തകൾ

**മാസ ധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ ജൂലൈ മാസത്തിലെ ധ്യാനം 05 ജൂലൈ 2016 രാവിലെ 9.30 ന് കല്ലുമല മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു. ഫാ.വിജയാനന്ദ് തരകൻവീട് ഒ.ഐ.സി. ധ്യാനം നയിക്കും.

**ക്ലർജി ഹോം കൂദാശ**

ഭദ്രാസനത്തിനുവേണ്ടി കല്ലുമലയിൽ പുതുതായി നിർമ്മിച്ച ജോൺ മരിയ വിയാനി ക്ലർജി ഹോമിന്റെ കൂദാശ കർമ്മം 05 ജൂലൈ 2016 ഉച്ചകഴിഞ്ഞ് 2.00-ന് ക്രമീകരിച്ചിരിക്കുന്നു.

**മാർ ഈവാനിയോസ് കോളേജ്, മാവേലിക്കര**

കോളേജ് കെട്ടിട സമുച്ചയത്തിന്റെ കൂദാശകർമ്മം 05 ജൂലൈ 2016 ഉച്ചകഴിഞ്ഞ് 2.30 ന് ക്രമീകരിച്ചിരിക്കുന്നു.

**സഭാ നിയമ തുടർപരിശീലന ക്ലാസ്സ്**

ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി സഭാ നിയമ തുടർ പരിശീലന ക്ലാസ്സ് 31 മെയ് 2016, രാവിലെ 9.30 മുതൽ അമലഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട വർഗ്ഗീസ് മനയ്ക്കലേത്ത് അച്ചൻ ക്ലാസ്സുകൾ നയിച്ചു.

**Appointment**

Director, KCSL - Fr. Immanuel Punthalavila

# മാർ ഈവാനിയോസ് മൈനർ സെമിനാരി

**ദൈവശാസ്ത്ര പഠനം**

റീജൻസി വിജയകരമായി പൂർത്തിയാക്കി മെയ് 20-ന് വൈദീകവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനത്തിനായി തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിലേക്ക് പോകുന്ന ബ്രദർ ജോസഫ് തെക്കേവീട്ടിൽ, ബ്രദർ നിജോ കൊല്ലന്റെതെക്കേതിൽ, ബ്രദർ തോമസ് പാലവിള, ബ്രദർ ജോബിൻ പുളിവിള, ബ്രദർ തോമസ് നാലുതെങ്ങുങ്കൽ എന്നിവർക്കും വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക്ക് സെമിനാരിയിലേക്ക് പോകുന്ന ബ്രദർ മാത്യൂ ഇലവനാൽ, ബ്രദർ വർഗീസ് കാരിമ്പാലിൽ എന്നിവർക്ക് അനുമോദനങ്ങളും വിജയാശംസകളും നേരുന്നു.

**പുതിയ അദ്ധ്യയനവർഷം**

2016-2017 അദ്ധ്യയനവർഷം 2016 ജൂൺ 1-ന് ആരംഭിച്ചു.

ഈ വർഷം പ്രവേശനം ലഭിച്ച വൈദിക വിദ്യാർത്ഥികൾ:

1. ഗീവർഗീസ് നെടുംപുറത്ത് വിളയിൽ, തുവയൂർ ഇടവക
2. അഗസ്റ്റിൻ മണ്ണൂരേത്ത്, കടമ്പനാട് ഇടവക
3. ജോഷ്വാ പുതിയവീട്ടിൽ, ഇലഞ്ഞിമേൽ ഇടവക
4. മിഥുൻ കൃപാമന്ദിരം, വെളിയം ഇടവക
5. അജു അനുഭവൻ, വെളിയം ഇടവക
6. പോൾ തെക്കേടത്ത്, പാറക്കൂട്ടം ഇടവക
7. ഗീവർഗ്ഗീസ് ശാലോം ഭവൻ, പെരിങ്ങനാട് ഇടവക

# പ്രബോധന

**നന്ദി**

ഏപ്രിൽ 10-ന് ദേവാലയങ്ങളിൽ നടത്തപ്പെട്ട രണ്ടാം സെമസ്റ്റർ പരീക്ഷയിലും ഏപ്രിൽ 24-ന് ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെട്ട സ്കോളർഷിപ്പ് പരീക്ഷയും നന്നായി നടത്തുവാൻ സഹായിച്ച വൈദികർക്കും, സിസ്റ്റേഴ്സിനും പ്രധാന അദ്ധ്യാപകർക്കും എല്ലാ അദ്ധ്യാപകർക്കും പ്രബോധനയുടെ നന്ദി.

**10, +2 പരീക്ഷാപേപ്പർ മൂല്യനിർണ്ണയം**

2015-16 അദ്ധ്യയനവർഷത്തെ 10, +2 പരീക്ഷാപേപ്പർ നന്നായി വിലയിരുത്തുവാൻ സഹായിച്ച എല്ലാ അദ്ധ്യാപകർക്കും പ്രബോധനയുടെ നന്ദി.

**2015 - 16 പരീക്ഷാ വിജയികൾ**

**സ്റ്റാൻഡേർഡ് III**

ഒന്നാം റാങ്ക് - കെവിൻ സി.ജെയിംസ്, അമ്പലപ്പുറം
രണ്ടാം റാങ്ക് - ജിയാ തങ്കം സുനു, കൊട്ടറ
മൂന്നാം റാങ്ക് - ജിൻസു ബിജു, മണ്ണാറോഡ്

**സ്റ്റാൻഡേർഡ് IV**

ഒന്നാം റാങ്ക് - ജോവിൻ.സി.ജോസ്, വെണ്മണി
രണ്ടാം റാങ്ക് - ജോയൽ ജോൺ മാത്യൂ, മുഖത്തല
മൂന്നാം റാങ്ക് - കാരൾ കുര്യൻ ഡോമിനിക്, എടപ്പോൺ

**സ്റ്റാൻഡേർഡ് V**

ഒന്നാം റാങ്ക് - ആൽവിൻ.കെ.ജോൺസൺ, അമ്പലത്തുംകാല
രണ്ടാം റാങ്ക് - നിത്യാ നിജി, കറ്റാനം
മൂന്നാം റാങ്ക് - റഹ്ന സാറാ റോയ്, പുന്നമൂട്

**സ്റ്റാൻഡേർഡ് VI**

ഒന്നാം റാങ്ക് - ലെന മേരി സാം, കരിമുളയ്ക്കൽ
രണ്ടാം റാങ്ക് - എബിൻ.ബി.ജോർജ്ജ്, പോരുവഴി
മൂന്നാം റാങ്ക് - മേഖയാൽ തോമസ്, പുത്തൂർ

**സ്റ്റാൻഡേർഡ് VII**

ഒന്നാം റാങ്ക് - സെറീന മറിയം ജേക്കബ്, വെൺമണി
രണ്ടാം റാങ്ക് - അമീഷാ സൂസൻ, കടമ്പനാട്
മൂന്നാം റാങ്ക് - അനിറ്റ് ജോർജ്ജ്, കറ്റാനം

**സ്റ്റാൻഡേർഡ് VIII**

ഒന്നാം റാങ്ക് - റിനോ റോയി, മുഖത്തല
രണ്ടാം റാങ്ക് - അലീന ആൻ ജോസ്, കുറത്തികാട്
മൂന്നാം റാങ്ക് - അഹീരാ രാജ്, കൈതക്കോട്

**സ്റ്റാൻഡേർഡ് IX**

ഒന്നാം റാങ്ക് - ജോഷ്ന ഏബ്രഹാം, കുടശ്ശനാട്
രണ്ടാം റാങ്ക് - ആൻസി ഹെൻട്രി, ശൂരനാട്
മൂന്നാം റാങ്ക് - സുബിൻ ബിനു, വെട്ടിയാർ

**സ്റ്റാൻഡേർഡ് X**

ഒന്നാം റാങ്ക് - ലിൻസി ജെയിംസ്, ഇലഞ്ഞിമേൽ
രണ്ടാം റാങ്ക് - ജീവൻ സജി, പോരുവഴി
മൂന്നാം റാങ്ക് - ജസ്റ്റിൻ വർഗീസ്, മുടിയൂർക്കോണം

**സ്റ്റാൻഡേർഡ് XI**

ഒന്നാം റാങ്ക് - എൽദോ ജോൺ, ഇടപ്പോൺ
രണ്ടാം റാങ്ക് - സുബി ഫിലിപ്പ്, തുവയൂർ വെസ്റ്റ്
മൂന്നാം റാങ്ക് - ജിബിൻ.ബി.വി., പഴകുളം

**സ്റ്റാൻഡേർഡ് XII**

ഒന്നാം റാങ്ക് - നിധി സാറാ മാത്യൂ, കറ്റാനം
രണ്ടാം റാങ്ക് - മെൽബിൻ.എം., നീലേശ്വരം
മൂന്നാം റാങ്ക് - ജെനീ ജോയ്, പഴകുളം

**MBOC**

ദേവാലയങ്ങളിൽ നടത്തപ്പെട്ട MBOC വിജയമാക്കിയ ഏവർക്കും നന്ദി. MBOC ക്ക് നേതൃത്വം നല്കിയ ബഹു. ബ്രദേഴ്സിനും, ഇടവക വികാരിമാർക്കും, സണ്ടേസ്കൂൾ പ്രധാന അദ്ധ്യാപകർ എന്നിവർക്കും പ്രബോധനയുടെ നന്ദി.

**വിശ്വാസബോധിനി**

വിശ്വാസബോധിനിയുടെ 2016 വർഷത്തെ വരിസംഖ്യ (100 രൂപ) നൽകാത്തവർ എത്രയും വേഗം തന്ന് പ്രബോധനയുടെ പ്രവർത്തന ങ്ങളിൽ പങ്കുചേരുക.

**സംഗമം 2016**

കുട്ടികളുടെ സംഗമവും പ്രഥമാധ്യാപക സമ്മേളനവും 2016 മെയ് 24-ാം തീയതി കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നടത്തപ്പെട്ടു. സുവിശേഷ സംഘാംഗമായ പി.ഡി. രാജൻ കുട്ടികൾക്കായി ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. സണ്ടേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷയിലെ റാങ്ക് ജേതാക്കളെ മെഡലുകളും ക്യാഷ് അവാർഡും നൽകി ആദരിച്ചു. സർഗ്ഗോത്സവ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. സ്കൂൾ തലത്തിൽ 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങിയ കുട്ടികളെ മെഡലുകൾ നൽകി അഭിനന്ദിച്ചു. പ്രബോധനയിൽ സേവന മനുഷ്ഠിച്ച ബ്രദർ നിജോ, ബ്രദർ ജോബിൻ, സിസ്റ്റർ പുഷ്പ എസ്.ഐ.സി., എന്നിവർക്ക് യാത്രയയപ്പ് നൽകുകയുണ്ടായി. പ്രബോധനയുടെ സിസ്റ്റർ കോർഡിനേറ്ററായി നിയമിതയായ ബഹു. സി.ലിഡിയ എസ്.ഐ.സി യെ പ്രബോധനയിലേക്ക് സ്വാഗതം ചെയ്തു. വികാരി ജനറാൾ വന്ദ്യ മോൺ. ജോർജ്ജ് ചരുവിള കോർ എപ്പിസ്ക്കോപ്പ സമ്മാനദാനം നിർവ്വഹിച്ചു. കറ്റാനം ജില്ലാവികാരി വെരി. റവ.ഫാ. ജോസ് വെൺമലോട്ട് അദ്ധ്യക്ഷത വഹിച്ചു.

**ജില്ലാ സന്ദർശനം**

പ്രബോധയുടെ ഡയറക്ടർ ഫാ.സാമുവൽ പഴവൂർപടിക്കൽ അച്ചൻ ജില്ലാ സന്ദർശനം ആരംഭിച്ചു. 2016 മെയ് 23-ാം തീയതി കറ്റാനം പോപ്പ് പയസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന സമ്മേളനത്തിൽ ജില്ലാ ഡയറക്ടർ ഫാ. തോമസ് സജീവ് തെക്കേചരുവിൽ സന്നിഹി തനായിരുന്നു. വിവിധ ദേവാലയങ്ങളിൽ നിന്നായി ഹെഡ്മാസ്റ്റർമാരും സ്റ്റാഫ് സെക്രട്ടറിമാരും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു. 2016-17 അദ്ധ്യയന വർഷത്തെ കർമ്മ പരിപാടികളെക്കുറിച്ച് ചർച്ചചെയ്യുകയും കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**പുസ്തക ലഭ്യത**

2016–2017 അധ്യയനവർഷത്തെ സണ്ടേസ്കൂൾ പുസ്തകങ്ങൾ മാവേലിക്കര അരമനയിലും, മാറനാട് മലങ്കര കത്തോലിക്കാ ദേവാലയത്തിലും ലഭ്യമാകുന്നതാണ്.

# മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം (MCYM)

**അർദ്ധ വാർഷിക സെനറ്റ് സമ്മേളനം**

2016 വർഷത്തെ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ അർദ്ധവാർഷിക സെനെറ്റ് സമ്മേളനവും പദയാത്ര സെനെറ്റും 11.06.2016 ശനിയാഴ്ച കറ്റാനം വൈദിക ജില്ലയിൽ വച്ച് നടത്തപ്പെടുന്നു.

**ലീഡർഷിപ്പ് ക്യാമ്പ്**

എം.സി.വൈ.എം. ദേശീയ സമിതി നടത്തിയ മിസ്പ 2016 ലീഡർഷിപ്പ് ക്യാമ്പിൽ (മെയ് 27 മുതൽ 29) മാവേലിക്കര ഭദ്രാസന സമിതിയിൽ നിന്ന് ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ്, സി.ആനിമേറ്റർ, സമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**വിവാഹ മംഗളാശംസകൾ!**

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി അംഗവും പെരിങ്ങാല ഇടവകാംഗവും, കെ.സി.വൈ.എം. സെക്രട്ടറിയുമായ സിജിയ്ക്കും ബൈജുവിനും എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ വിവാഹ മംഗളാശംസകൾ.

# ചേതന

## സഫലം പ്രോഗ്രാം

2016 മെയ് 12,13,14 തീയതികളിൽ സഫലം കുട്ടികൾക്കുള്ള ക്ലാസ്സ് ചേതനയിൽ വച്ച് നടത്തി. കുട്ടികൾക്കുള്ള ക്ലാസ്സുകൾക്ക് Mr. Reji Mathew (Goal Setting & Carrier Orientation), Sr.Niseema SIC, Mrs. Veena, Mrs. Anni, Mrs. Shiny (Accademics), Mr. Suresh, Sr. Silvia OSS, Miss Raji Krisha, Dr. Swapna Cherian, Mr. Reji Raju എന്നിവർ നേതൃത്വം നൽകി.

മെയ് 14–ാം തീയതി കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും Adolesences & maturity യെക്കുറിച്ചുള്ള ക്ലാസ്സ് Dr. Karthika (Associate Prof. Medical College, Vandanam, Alappuzha) നൽകി. സമാപന ദിനത്തിൽ ചേതന ഡയറക്ടർ ബഹു. ബിന്നി അച്ചൻ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ Dr. Riju Khader (Director, Kripa Wellness Clinic & Diabetic Research Centre) കുട്ടികൾക്കുള്ള സ്കൂൾ കിറ്റ് വിതരണം ചെയ്തു.

## നന്ദി & സ്വാഗതം

ചേതനയുടെ വിവിധ യൂണിറ്റുകളിൽ യൂണിറ്റ് ഡയറക്ടേഴ്സ് ആയി പ്രവർത്തിച്ച എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കും നന്ദി. പുതിയതായി കടന്നുവന്ന എല്ലാ യൂണിറ്റ് ഡയറക്ടേഴ്സിനെയും ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നു.

## Annual Regional Evaluation

May 25,26 തീയതികളിൽ ചേതനയിൽ വച്ച് എല്ലാ റീജന്റെയും Annual Regional Evaluation നടത്തപ്പെട്ടു. ഇതിൽ വാർഷിക റിപ്പോർട്ട്, കണക്ക്, പ്രവർത്തന വിലയിരുത്തൽ, ഗ്രേഡിംഗ് വിലയിരുത്തൽ എന്നിവ നടത്തപ്പെട്ടു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത്,

അസോസിയേറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് കന്നിമേൽ എന്നിവർ പങ്കെടുത്തു.

**ലോക പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ റീജണുകളിലും പരിസ്ഥിതി ദിനം ആഘോഷിക്കുന്നതാണ്. അതോടനുബന്ധിച്ച് വൃക്ഷതൈകൾ വിതരണം ചെയ്യുന്നതാണ്.

വിവിധയിനം ഔഷധതൈകൾ, വൃക്ഷതൈകൾ എന്നിവ മിതമായ നിരക്കിൽ ചേതനയിൽ ലഭ്യമാണ്. ചേതനയും കായംകുളം സെന്റ് ബേസിൽ ഇടവകയും ചേർന്ന് നടത്തുന്ന പരിസ്ഥിതി ദിനത്തിൽ (ജൂൺ 5) കായംകുളം എം.എൽ.എ. അഡ്വ. യു. പ്രതിഭാഹരി ഉദ്ഘാടനം ചെയ്യുന്നതാണ്. കറ്റാനം റീജണുകളിൽ എം.സി.വൈ. എം., ചേതനയും ചേർന്ന് ജൂൺ 5-ാം തീയതി വൃക്ഷതൈകൾ നടുന്നു.

**റീജണൽ മീറ്റിംഗ്**

2016 ജൂൺ 21-ന് അതാത് റീജണിൽ വച്ച് മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

**ചാരിറ്റി ബോക്സ്**

ക്യാൻസർ രോഗികളെ സഹായിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ചാരിറ്റി ബോക്സിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട വൈദികരുടെ മീറ്റിംഗിൽ വച്ച് അഭിവന്ദ്യ പിതാവ് വികാരി ജനറൽ അച്ചന് നൽകി ഉദ്ഘാടനം ചെയ്തു.

**സെന്റ് പീറ്റേഴ്സ് ഹാൻഡ്**

സെന്റ് പീറ്റേഴ്സ് ഹാൻഡ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ ക്യാൻസർ രോഗികൾക്കുള്ള സഹായ വിതരണം അഭിവന്ദ്യ പിതാവ് അമ്പലത്തുംകാലായിൽ വച്ച് നടത്തി.

**നെയിം സ്ലിപ്പ്**

ഔഷധ സസ്യ ബോധവത്ക്കരണത്തിന്റെ ഭാഗമായി കുട്ടികളിൽ ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം വളർത്തുന്നതിനായി കുട്ടികൾക്കായുള്ള നെയിം സ്ലിപ്പിന്റെ പ്രകാശനം

അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ചേതന അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ലൂക്കോസ് കന്നിമേൽ ആദ്യ പ്രതി ഏറ്റുവാങ്ങി.

**സ്വീകരണം**

ചേതനയുടെ അസോസിയേറ്റ് ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. ഫാ. ലൂക്കോസ് കന്നിമേലിനെ ചേതനയിൽ വച്ച്, ചേതനയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബിന്നി നെടുംപുറത്ത് പൂച്ചെണ്ട് നൽകി സ്വീകരിച്ചു.

**പുതിയ റീജണൽ ഡയറക്ടർ, യൂണിറ്റ് ഡയറക്ടേഴ്സ്, റീജണൽ ഓഫീസേഴ്സ്, ആനിമേറ്റേഴ്സ്**

മാവേലിക്കര റീജന്റെ റീജണൽ ഡയറക്ടറായി ഫാ.ഗീവർഗ്ഗീസ് നെടിയമലയിൽ ചുമതലയേറ്റു. കുണ്ടറ യൂണിറ്റിന്റെ ഡയറക്ടറായി വന്ദ്യ ജോസ് കടകംപള്ളിൽ കോർ-എപ്പിസ്കോപ്പ, പണയിൽ യൂണിറ്റിന്റെ ഡയറക്ടറായി ഫാ. ഗീവർഗ്ഗീസ് കല്ലിട്ടയിൽ എന്നിവർ ചുമതലയേറ്റു. കറ്റാനം റീജന്റെ ആനിമേറ്റർ ആയി മിസ്റ്റർ റെജി രാജു, കടമ്പനാട് റീജണൽ ആനിമേറ്റർ രാജു.റ്റി., ചെങ്ങന്നൂർ റീജണൽ ആനിമേറ്റർ മിസ്റ്റർ ജോസ് ചക്കോലിൽ, കടമ്പനാട്, മാവേലിക്കര റീജണൽ ഓഫീസറായി മിസ്സ് രാജി കൃഷ്ണ എന്നിവർ ചുമതലയേറ്റു.

# മലങ്കര കാത്തലിക് അസോസിയേഷൻ

**മാനേജിംഗ് കമ്മിറ്റിയോഗം**

മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനം മാനേജിംഗ് കമ്മറ്റി യോഗം 2016 ജൂൺ 11 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30ന് നൂറനാട് സെന്റ് റെനാത്തോസ് മലങ്കര കത്തോലിക്കാ പള്ളി യിൽ വെച്ച് എം.സി.എ ഭദ്രാസന പ്രസിഡന്റ് ശ്രീ.തോമസ് ജോൺ തേവരേത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. എം.സി.എ വൈദിക

ജില്ലാ ഉപദേഷ്ടാക്കൾ, പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കേന്ദ്ര സമിതി അംഗങ്ങൾ, ഭദ്രാസന ട്രഷറാർ, മാനേജിംഗ് കമ്മറ്റി മെമ്പറന്മാർ എന്നിവരെയെല്ലാം പ്രസ്തുത യോഗത്തത്തിൽ പങ്കെടുക്കുവാൻ സാദരം ക്ഷണിക്കുന്നു.

**Light 2016**

മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതി നടത്തിയ ലൈറ്റ് 2016-ൽ മാവേലിക്കര രൂപതയിൽ നിന്നും 18 വിദ്യാർത്ഥികൾ പങ്കെടുത്തു.

# കുടുംബ പ്രേഷിത കാര്യാലയം

**അഭിനന്ദനങ്ങൾ**

കെ.സി.ബി.സി.യുടെ വനിതാ കമ്മീഷൻ സൗത്ത് സോണിന്റെ തിരഞ്ഞെടുപ്പ് 02.06.2016-ന് തിരുവനന്തപുരത്തു വച്ച് നടത്തപ്പെട്ടു. സെക്രട്ടറിയായി ശ്രീമതി അന്നമ്മ പൊന്നച്ചൻ (തുവയൂർ ഇവടക) തെരഞ്ഞെടുക്കപ്പെട്ടു.

**വിവാഹ ഒരുക്ക ക്യാമ്പ്**

ജൂൺ 11,12,13 തീയതികളിൽ പഴകുളം പാസ്സിൽ വിവാഹ ഒരുക്ക ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു.

**കർമ്മപദ്ധതി ഉദ്ഘാടനം**

കറ്റാനം വൈദികജില്ല മാതൃവേദിയുടെ കർമ്മപദ്ധതി ഉദ്ഘാടനവും അമ്മമാർക്കും കുട്ടികൾക്കുമുള്ള കൗൺസിലിംഗ് പ്രോഗ്രാം കറ്റാനം പള്ളിയിൽ വച്ച് 11.06.2016-ന് നടത്തപ്പെടുന്നു.

# സ്മരണീയ ദിനങ്ങൾ

**ജൂൺ**

01 – വി. ജസ്റ്റിൻ

03 – തിരുഹൃദയത്തിരുനാൾ (ലത്തീൻക്രമം)

05 – വി. ബോനിഫസ്

08 – വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ

11 – മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും

മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം

ജേക്കബ് മാർ ബർണബാസ് പിതാവിന്റെ നാമഹേതുകത്തിരുന്നാൾ

13 – പാദുവായിലെ വി. അന്തോണിയോസ്

14 – ഏലിശാ നിബിയാ

15 – പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ

16 – ശ്ലീഹാ നോമ്പാരംഭം

18 – മാർ അപ്രേം മല്പാൻ

19 – മാർ യൂദാ തദ്ദായി ശ്ലീഹാ

21 – വി. അലോഷ്യസ് ഗോൺസാഗ

24 – യോഹന്നാൻ മാംദാനായുടെ ജനനം

ചേപ്പാട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ

27 – യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മ

28 – മാർ ഐറേനിയോസ്,

സാമുവൽ മാർ ഐറേനിയോസ് പിതാവിന്റെ നാമഹേതുക തിരുന്നാൾ

29 – മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ

ശ്ലീഹാ നോമ്പ് വീടൽ,

സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപകദിനം

യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും

ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും
മെത്രാഭിഷേക വാർഷികം

വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ
നാമഹേതുക തിരുന്നാൾ

30 – പന്ത്രണ്ടു ശ്ലീഹന്മാർ

# *Let us Remember, Congratulate and Pray....*

**JUNE**

**Birthday**



Fr. George Kottapuram 13



## 2016 ജൂൺ മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** വൃദ്ധർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, അഗതികൾ എന്നിവർക്ക് സ്വീകാര്യതയും കൂട്ടായ്മയും ലഭിക്കുന്നതിനായി.

**പ്രേഷിതനിയോഗം:** സെമിനാരിക്കാർക്കും സന്യാസാർത്ഥികൾക്കും സുവിശേഷത്തിന്റെ ആനന്ദം അനുഭവിക്കുന്നവരും വിജ്ഞാനത്തോടെ ദൗത്യത്തിന് ഒരുക്കുന്നവരുമായ പരിശീലകരെ ലഭിക്കുന്നതിനു വേണ്ടി.

# Programme Diary of His Grace

## June

| Date | Venue / Function | Time |
|---|---|---|
| 01 | St. Francis' Home/ Erezha | 03.30 PM |
| 02 | Eerezha Convent<br>Thuvayoor/ Infant Jesus' School | 06.30 AM<br>02.00 PM |
| 03 | Pushpagiri | 05.00 PM |
| 04 | Venmony<br>Kareeppuzha/ Marthoma Church | 11.00 AM<br>03.30 PM |
| 05 | Kodukulanji<br>Mavelikara/ Alphonsa Church<br>Ramanchira/ YMCA<br>Edathara | 08.00 AM<br>10.00 AM<br>01.00 PM<br>03.00 PM |
| 06 | Kattanam | 11.00 AM |
| 06-08 | KCBC/ POC | |
| 09 | Kizhaketheruvu<br>Nagercoil | 10.30 AM<br>04.00 PM |
| 10-<br>July<br>04 | Canada/ USA | |
| | **JULY** | |
| 05 | Kallumala/ Mar Ivanios Minor Seminary/<br>Monthly Recollection<br>Kallumala/ Clergy Home Blessing<br>Kallumala/ Mar Ivanios College/ Blessing | <br>09.30 AM<br>02.00 PM<br>02.30 PM |